**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **13-01-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ ഉപപ്രസരണ വിതരണ ശൃംഖലകളുടെ ശാക്തീകരണവും, വിപുലീകരണവും ഉൾപ്പടെ BPL സർവ്വീസ് കണക്ഷനുകൾ നൽകിയ പ്രവൃത്തികൾക്കായി "ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)", നഗരങ്ങളിൽ വൈദ്യുതി വിതരണ ശൃംഖലയുടെ നഷ്ടം കുറയ്ക്കുന്നതിനും വിശ്വാസ്യതയും വൈദ്യുതി ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ IPDS, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും, നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവത്കരിക്കുന്നതിനും, വൈദ്യുതി വിതരണത്തിലെ കൃത്യതയും വിശ്വാസ്യതയും ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിനും, പ്രധാനമായും ഗ്രാമ നഗര വ്യത്യാസമില്ലാതെ എല്ലായിടത്തും തടസ്സ രഹിതമായ വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതി 2021 എന്നീ പദ്ധതികൾ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ എം.എൽ.എ. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ തുടങ്ങിയവ ഉൾപ്പെടെ ഉപയോഗിച്ച് വികസന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ചെറുപുഴയുടെ പ്രവർത്തനം ആരംഭിച്ചു. ഇലക്ട്രിക്കൽ ഡിവിഷൻ, പയ്യന്നൂർ ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിനും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നതിനും, സ്ഥാപിക്കുന്നതിനും, പരിപാലിക്കുന്നതിനും ആവശ്യമായ അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രധാന ചുമതല. ഇതിനാവശ്യമായ സാങ്കേതിക പരിശീലനം അനെർട്ട് നൽകി വരുന്നു. സംരംഭകരുടെ മുതൽ മുടക്കിലാണ് ഇത് ആരംഭിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി അനെർട്ട് തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ